LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമപ്രകാരം പൊതു ആവശ്യങ്ങൾക്കും വീട് വയ്ക്കുന്നതിനും വേണ്ടി ടി നിയമത്തിലെ വ്യവസ്ഥകൾ ക്കനുസൃതമായി നെൽവയൽ നികത്തുന്നതിന് അനുമതി നൽകാം. വീട് വയ്ക്കുന്നതിന് അനുയോജ്യമായ ഭൂമി ഇല്ലാത്തപക്ഷം, നെൽവയലിന്റെ ഉടമസ്ഥന് താമസിക്കുന്നതിന് വീട് വയ്ക്കാൻ പഞ്ചായത്ത് ഏരിയയിൽ പത്തും, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഏരിയയിൽ അഞ്ചും സെന്റ് നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന് അനുമതി നൽകുവാൻ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമത്തിൽ വ്യവസ്ഥയുണ്ട്.

(ബി) പൊതു ആവശ്യങ്ങൾക്കും, വീട് വയ്ക്കുന്നതിനും അല്ലാത്ത ആവശ്യങ്ങൾക്കൊന്നും നെൽവയൽ രൂപാന്തരപ്പെടുത്താൻ പ്രസ്തുത നിയമത്തിൽ വ്യവസ്ഥയില്ല. ആരാധനാലയങ്ങൾ പ്രസ്തുത നിയമത്തിലെ പൊതു ആവശ്യത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നില്ല.

(സി) ബാധകമല്ല.

കൊച്ചിയിലെ അനധികൃത ഭൂമികയ്യേറ്റം

146(3026) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈവശംവച്ച് വരുന്നതായ ഭൂമി പതിച്ചു കിട്ടുന്നതിനായി 2015 ജൂൺ ഒന്നിനു മുൻപ് വരെ എത്രപേർ കൊച്ചി താലൂക്ക് ഓഫീസിൽ അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കൊച്ചി താലൂക്ക് ഓഫീസിന്റെ പരിധിയിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി അനധികൃതമായി കൈവശം വച്ചുവരുന്നവർ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2015 ജൂൺ ഒന്നിന് മുമ്പ് ഭൂമി കൈവശം വച്ച് വരുന്നതായി അവകാശപ്പെട്ട് എറണാകുളം ജില്ലയിലെ കൊച്ചി താലൂക്ക് ഓഫീസിൽ 967 പേർ ഭൂമി പതിവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) എറണാകുളം ജില്ലയിലെ കൊച്ചി താലൂക്ക് ഓഫീസിന്റെ പരിധിയിൽ 11 കേസുകളിലായി 0.54.59 ഹെക്ടർ ഭൂമി കയ്യേറ്റം ചെയ്ത് സ്വകാര്യ വ്യക്തികൾ കൈവശം വച്ചുവരുന്നു.